ശ്രീ. വി. ശ്രീധരൻ: ഭോപാൽ, ആൻഡമാൻ ഈ സ്ഥലങ്ങളിൽ കൃഷി അറിയാവുന്ന ആളുകളെ അയയ്ക്കുന്ന ഒരു പദ്ധതി നടപ്പിലില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു പദ്ധതി ഉണ്ട്. ആലോചിച്ചു കുറേപേരെ അയച്ചിട്ടുമുണ്ട്. പക്ഷേ അതൊക്കെ ജനങ്ങൾക്കിഷ്ടമില്ലാതെ കുറയ്ക്കാൻ പറ്റുമെന്നു തോന്നുന്നില്ല. ഒരു പ്രത്യേക കുടുംബങ്ങൾ പോയതുകൊണ്ടു വലിയ വ്യത്യാസം ഒന്നും വരാൻ പോകുന്നില്ല.

ശ്രീ. സി. എ. മാത്യു: ഇന്നത്തെ നിലയ്ക്കു തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി ഈ കുടിയേറ്റപ്പാർപ്പ് കുറെയെങ്കിലും സഹായകമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുടിയേറ്റപ്പാർപ്പുമൂലം തൊഴിലില്ലായ്മയ്ക്കു വലിയ പരിഹാരം ഉണ്ടാകുമെന്നും തോന്നുന്നില്ല.

ശ്രീ. എ. എ. ഡി. ലൂയിസ്: ഫാമിലി പ്ലാനിംഗിനെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തു് എത്ര ക്ലിനിക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ ക്ലിനിക്കുകൾ ഒന്നും ഇല്ല. ഇനി തുടങ്ങണം.

സ്പിന്നിംഗ് മിൽ.

* 554. [3] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി നെയ്ത്തുകാരുടെ ആവശ്യാർത്ഥം സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന സ്പിന്നിംഗ് മിൽ സംബന്ധമായി ഗവണ്മെന്റ് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഉണ്ടെങ്കിൽ അതു് എന്താണെന്നു് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ–ബി) സഹകരണാടിസ്ഥാനത്തിൽ ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതിനു് ഈ സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. ഒരു സഹകരണ സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതിനാവശ്യമുള്ള തുകയുടെ കൂടുതൽ ഭാഗവും നെയ്ത്തു സഹകരണസംഘങ്ങൾ നൽകുകയാണെങ്കിൽ മാത്രമേ സെസ്സ്ഫണ്ടിൽനിന്നും ഗ്രാന്റിനു അർഹമാകൂ എന്നു് അഖിലഭാരത കൈത്തറി ബോർഡിൽ നിന്നും നിർദ്ദേശം ലഭിച്ചതിനെ തുടർന്നു് രണ്ടു ദ്രുതങ്ങളുടെ അഭിപ്രായം ആരാഞ്ഞതിൽ ഗണ്യമായ എന്തെങ്കിലും തുക നൽകുന്നതിനു സഹകരണസംഘങ്ങൾക്കു് പ്രാപ്തിയില്ലെന്നു അറിവായി. സംസ്ഥാന നെയ്ത്തു ഉപദേശകസമിതി സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആസൂത്രണം ചെയ്യുന്നതിനു് ടി സമിതിയുടെ സ്റ്റാൻഡിംഗ് കമ്മിറ്റിക്കു് നിർദ്ദേശം നൽകിയിരിക്കുകയാണു്. കൂടാതെ രണ്ടാം പഞ്ചവത്സരപദ്ധതിയിലും ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതിനു് 3½ ലക്ഷം രൂപ കൂടി കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശ്രീധരൻ: സംസ്ഥാനത്ത് എവിടെയെല്ലാമാണ് സ്പിന്നിംഗ് മിൽ സ്ഥാപിക്കേണ്ടതു് എന്നുള്ളതു് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോഴും അങ്ങനെയുള്ള സ്ഥാപനത്തെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അതു കഴിഞ്ഞാലല്ലോ അതു് എവിടെയൊക്കെ വേണമെന്നു് തീരുമാനിക്കാനുള്ളതു്.

ശ്രീ. വി. ശ്രീധരൻ: കൈത്തറി നെയ്ത്തുകാർ അധികം ഉള്ള സ്ഥലങ്ങളിൽ സ്പിന്നിംഗ് മിൽ സ്ഥാപിക്കാൻ നടപടി എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സ്പിന്നിംഗ്മിൽ സ്ഥാപിക്കുന്നതിനു് നെയ്ത്തു സഹകരണസംഘങ്ങൾ കുടുതൽ തുക നൽകിയെങ്കിൽമാത്രമേ സെന്റ്രൽ ഫണ്ടിൽനിന്നും ഗ്രാന്റു് ചോദിക്കാൻ സാധിക്കയുള്ളു. അങ്ങനെ ഹാൻഡ്ലൂം സെന്റ്രൽ ഫണ്ടിൽനിന്നും പണം എടുക്കണമെങ്കിൽ സഹകരണസംഘങ്ങൾ അതിലേയ്ക്കു് ആവശ്യമുള്ള തുകയിൽ ഏറിയ ഭാഗവും നൽകേണ്ടതാണു്. അന്വേഷണത്തിൽ അങ്ങനെയുള്ള സാമ്പത്തിക കഴിവു് നമ്മുടെ സഹകരണസംഘങ്ങൾക്കു് ഇല്ലാതെയാണ ഇരിക്കുന്നതു്.

ശ്രീ. വി. ശ്രീധരൻ: ഈ കാര്യത്തിൽ ഗവണ്മെന്റു് ഇതുവരെ സത്വരമായ നടപടികളൊക്കൊള്ളാതിരിക്കുവാൻ കാരണമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ഇത്രയും പറഞ്ഞിട്ടും ബഹുമാനപ്പെട്ട മെംബർ കാര്യം മനസ്സിലാക്കാതെ പിന്നെയും ചോദ്യം ആവർത്തിക്കുകയാണു്. നമുക്കു് ഹാൻഡ്ലൂം സെന്റ്രൽ ഫണ്ടിൽനിന്നും ധനസഹായം കിട്ടണമെങ്കിൽ ഞാൻ മുൻപു പറഞ്ഞതരായ ചിലനടപടികളും അതിനുമുൻപു് എടുക്കേണ്ടതായിട്ടുണ്ടു്. അതുകൂടാതെസാദ്ധ്യമല്ല.

വെള്ളക്കാരികളായ നേഴ്സുകൾ.

* 555. [6] ശ്രീ. പി. ആർ. മാധവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കാരികളായ നേഴ്സുകൾക്കു് നൽകിവരുന്ന അലവൻസെന്താണു്; ഇത്തരമൊരു നേഴ്സുകൾ ഇന്നു സ്റ്റേറ്റിലുണ്ടു്;

(ബി) നാട്ടുകാരികളായ നേഴ്സുകളുടെ ശമ്പളസ്കെയിലും എന്തു്;

(സി) വെള്ളക്കാരികളുടെ അലവൻസും നാട്ടുകാരികളുടെ ശമ്പളവും തമ്മിൽ വ്യത്യാസം വരുത്തുന്നതിനു കാരണമെന്തു്?

LIBRARY ARCHIVES Kerala Legislative Assembly